## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.T.2197 18.03.15-ലെ മറുപടിക്ക്**

**"അനധികൃത ചിട്ടികമ്പനികൾ"**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി. | | ശ്രീ. കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ അനുമതി കൂടാതെ സ്വകാര്യ വ്യക്തികളും കമ്പനികളും ചിട്ടികൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരം ചിട്ടി സ്ഥാപനങ്ങൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | അനധികൃത ചിട്ടി സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ ചിട്ടി സ്ഥാപനങ്ങളിൽ പോലീസ് സഹായത്തോടെയും അല്ലാതെയും പരിശോധന നടത്തുകയും പല സ്ഥാപനങ്ങളിൽ നിന്നും അനധികൃത ചിട്ടികൾ നടത്തുന്നതിന്റെ രേഖകൾ പിടിച്ചെടുക്കുകയും ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ദി ചിട്ട് ഫണ്ട്സ് ആക്ട്, 1982-നു വിധേയമായി തുടർനടപടികൾ കൈക്കൊണ്ടു വരികയും ചെയ്യുന്നു. കൂടാതെ സംസ്ഥാനത്ത് വ്യാജ ചിട്ടികൾ നിയന്ത്രിക്കുന്നതിനായി ശക്തമായ പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന-ജില്ലാതല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് പരിശോധന സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു. അനധികൃത ചിട്ടികൾക്കെതിരെ ജാഗ്രത പാലിക്കുന്നതിനു വേണ്ടിയുള്ള ബോധവത്ക്കരണം സംബന്ധിച്ച പത്രക്കുറിപ്പുകൾ |

| | | | |
|---|---|---|---|
| | | | എല്ലാ ജില്ലാ രജിസ്ട്രാർമാരും പത്രമാധ്യമങ്ങളിലൂടെ നൽകിവരുന്നു. |
| (സി) | അനധികൃതമായി നടത്തിയിരുന്ന എത്ര ചിട്ടി കമ്പനികൾ സംസ്ഥാനത്തുണ്ടായിരുന്നെന്നും ഇത്തരം സ്ഥാപനങ്ങൾ വീണ്ടും തുടങ്ങുന്നത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ? | (സി) | രജിസ്ട്രേഷൻ വകുപ്പുതലത്തിൽ നടത്തിയ പരിശോധനയിൽ ഏകദേശം 109 സ്ഥാപനങ്ങൾ അനധികൃതമായി ചിട്ടികൾ നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. വ്യാജചിട്ടികൾ നടത്തുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി നടത്തിയ തുടർ പരിശോധനകളിൽ ഇത്തരം സ്ഥാപനങ്ങൾ വീണ്ടും പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

**സെക്ഷൻ ആഫീസർ.**